## പത്താം ക്ലാസ് -ബയോളജി

## അധ്യായം 5- പ്രതിരോധത്തിന്റെ കാവലാളുകൾ

## സ്റ്റഡി നോട്ട് 14-12-2020

### രക്തനിവേശനം :

- ചില രോഗങ്ങൾക്കും അപകട മൂലം രക്തം വാർന്നുപോകുന്ന അവസരങ്ങളിലും ശരീരത്തിലേക്ക് രക്തം നൽകുന്ന പ്രക്രിയയാണ് രക്ത നിവേശനം.

ആർക്കാണ് രക്ത നിവേശനം വേണ്ടിവരുന്നത് ?

- അപകടങ്ങളിൽ പെട്ട് രക്തം നഷ്ടപെടുന്നവർക്ക്
- മേജർ സർജറിക്ക് വിധേയമാകുന്നവർക്ക്
- പ്രസവസമയങ്ങളിൽ അമ്മമാർക്ക്
- പൂർണ്ണ വളർച്ച എത്താത്ത കുഞ്ഞുങ്ങൾക്ക്
- അനീമിയ രോഗികളായവർക്ക്
- രക്താർബുദം ബാധിച്ചവർക്ക്
- ഹീമോഫീലിയ രോഗികൾക്ക്
- തീവ്രമായ ഡെങ്കി ഹെമറാജിക്ക് പനി ബാധിച്ചവർക്ക്

- രക്തദാനാം ദാതാവിന് യാതൊരു ആരോഗ്യപ്രശനവലും ഉണ്ടാക്കുന്നില്ല

ആർക്കൊക്കെ രക്തദാനം ചെയ്യാം

- 18 നും 60 നും ഇടയിൽ പ്രായമുള്ളവർക്ക് രക്തദാനം ചെയ്യാം
- പുരുഷന്മാർക്ക് ഓരോ മൂന്നുമാസം കൂടുമ്പോഴും, സ്ത്രീകൾക്ക് നാലുമാസം കൂടുന്തോറും രക്തം ദാനം ചെയ്യാം.
- രക്തദാതാവ് കുറഞ്ഞത് 45 കിലോ ശരീര ഭാരമെങ്കിലും ഉള്ള ആളായിരിക്കണം.
- രക്തസമ്മർദ്ദം സാധാരണ നിലയിൽ ഉള്ള ആളായിരിക്കണം.
- ഹീമോഗ്ലോബിന്റെ അളവ് കുറഞ്ഞത് 12.5mg/ഡെസി ലിറ്റർ ഉള്ള ആളായിരിക്കണം.

രക്തദാനം ചെയ്യരുതാത്തവർ

- ഹൃദ്രോഗികൾ
- രക്തസമ്മർദ്ദം, പ്രമേഹം എന്നിവ ഉള്ളവർ,
- ചുഴലി, മാനസികരോഗത്തിന് ചികിത്സ നേടുന്നവർ,
- ക്യാൻസർ രോഗികൾ,

- കരൾ രോഗം ബാധിച്ചവർ
- ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ
- ഹെപ്പറ്റൈറ്റിസ് ബി/സി എന്നിവയുടെ രോഗാണുവാഹകർ
- എച്ച്.ഐ.വി/എയ്ഡ്സ് ബാധിതർ

| രക്തഗ്രൂപ്പുകൾ | ആന്റിജനുകൾ | ആന്റിബോഡികൾ |
|---|---|---|
| A | A | b |
| B | B | a |
| AB | A യും B യും | ഇല്ല |
| O | ഇല്ല | a യും b യും |

ഒരാൾക്ക് എല്ലാവരുടെയും രക്തം സ്വീകരിക്കാമോ?

രക്തനിവേശനത്തിന് രക്തഗ്രൂപ്പുകൾ പരിശോധിക്കുന്നതെന്തിനാണ്?

- A , B, AB , O എന്നിവയാണ് പ്രധാന രക്തഗ്രൂപ്പുകൾ
- അരുണരക്താണുവിന്റെ ഉപരിതലത്തിലുള്ള A,B എന്നീ ആന്റിജനുകളുടെ
- സാന്നിധ്യത്തെ അടിസ്ഥാനമാക്കിയാണ് രക്തത്തെ ഗ്രൂപ്പുകളാക്കിയിരിക്കുന്നത്.
- ഇതിൽ ഏത് ആന്റിജനാണോ ഒരാളുടെ രക്തത്തിലുള്ളത് ആ ആന്റിജന്റെ പേരാണ് രക്ത ഗ്രൂപ്പിന് നൽകുക.
- പ്ലാസ്മയിൽ കാണപ്പെടുന്ന ചില ആന്റിബോഡികൾക്ക് രക്ത നിവേശനത്തിൽ പ്രത്യേക പ്രാധാന്യമുണ്ട്.
- A ഗ്രൂപ്പ് രക്തത്തിൽ ആന്റിബോഡി b യും B ഗ്രൂപ്പ് രക്തത്തിൽ ആന്റിബോഡി a യും ആണുള്ളത്. A,B ആന്റിജനുകളെക്കൂടാതെ ചില വ്യക്തികളുടെ അരുണരക്താണുവിന്റെ കോശസ്തരത്തിൽ ആന്റിജൻ D അഥവാ ആർ.എച്ച് ഘടകവും (1Rh Factor) ഉണ്ടാകാം.
- ആർ.എച്ച്. ഘടകം ഉള്ള രക്തഗ്രൂപ്പുകൾ പോസിറ്റീവ് എന്നും ഇല്ലാത്തവ നെഗറ്റീവ് എന്നും അറിയപ്പെടുന്നു.

പ്രവർത്തനം 1: ഒരാളുടെ രക്ത ഗ്രൂപ്പ് എ പോസിറ്റിവ് ആണ്. ഇതിൽനിന്ന് എന്തൊക്കെ മനസ്സിലാക്കാം?

അദ്ദേഹത്തിന്റെ അരുണരക്താണുവിന്റെ ഉപരിതലത്തിൽ ആന്റിജൻ എ ;

രക്തപ്ലാസ്മയിൽ - ആന്റിബോഡി ബി

അരുണരക്താണുവിന്റെ കോശസ്തരത്തിൽ ആന്റിജൻ ഡി

പ്രവർത്തനം 2:

ഒരാളുടെ രക്ത ഗ്രൂപ്പ് ഒ നെഗറ്റീവ് (O $^{-ve}$) . ആണ്. ഇതിൽനിന്ന് നമുക്ക് എന്തൊക്കെ മനസ്സിലാക്കാം ?

അദ്ദേഹത്തിന്റെ അരുണരക്താണുവിന്റെ ഉപരിതലത്തിൽ – ആന്റിജൻ ഇല്ല.

രക്ത പ്ലാസ്മയിൽ ആന്റിബോഡി എ, ബി

അരുണരക്താണുവിന്റെ കോശസ്തരത്തിൽ ആന്റിജൻ ഡി ഇല്ല.

പ്രവർത്തനം 3: വീട്ടിലെ അംഗങ്ങളുടെ രക്തഗ്രൂപ്പുകൾ പട്ടികപ്പെടുത്തുക

| വ്യക്തി / Person | രക്തഗ്രൂപ്പ് / Blood Group | ആന്റിജൻ / Antigen | ആന്റിബോഡി / Antibody | Rh ഘടകം / Rh Factor |
|---|---|---|---|---|
| ▪.......... | | | | |
| ▪.......... | | | | |
| ▪.......... | | | | |
| ▪.......... | | | | |

എല്ലാവർക്കും എല്ലാവരുടെയും രകതം സ്വീകരിക്കാൻ കഴിയുമോ?

- ഒരാളുടെ രക്തത്തിൽ സ്വാഭാവികമായി കാണപ്പെടാത്ത ആന്റിജനുകൾ എത്തിയാൽ അത് പ്രതിരോധ പ്രവർത്തനത്തെ ഉത്തേജിപ്പിക്കുന്നു.
- അനുയോജ്യമല്ലാത്ത രക്തം സ്വീകരിക്കുമ്പോൾ ദാതാവിന്റെ രക്തത്തിലെ ആന്റിജനും സ്വീകർത്താവിന്റെ രക്തത്തിലെ ആന്റിബോഡിയും തമ്മിൽ പ്രതിപ്രവർത്തിച്ച് രക്തക്കട്ട രൂപപ്പെടുന്നു. അതുകൊണ്ട് എല്ലാവർക്കും എല്ലാ ഗ്രൂപ്പ് രക്തവും സ്വീകരിക്കാൻ കഴിയില്ല.




**കാൾ ലാൻഡ്സ്റ്റീനർ മുന്നോട്ട് വെച്ച A,B,O ബ്ലഡ് ഗ്രൂപ്പിങ് സിസ്റ്റം ആണ് പരക്കെ**

**അംഗീകരിച്ചതാണ്.**

**പ്രവർത്തനം 4: വിവിധതരം രക്തഗ്രൂപ്പുകളുമായി ബന്ധപ്പെട്ട് കുറിപ്പ് തയ്യാറാക്കുക.**

ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ

- **ആന്റിജനുകളും രക്തഗ്രൂപ്പുകളും.**
- **ആന്റിബോഡികളും രക്തഗ്രൂപ്പുകളും.**
- **ആർ.എച്ച്. ഘടകം.**

➔ **രക്തനിവേശനം നടക്കണമെങ്കിൽ രക്തം നമുക്ക് ലഭ്യമാകണം.ഇന്ന് രക്തബാങ്കുകൾ രക്തം ആവശ്യമുള്ള വ്യക്തികളിലേക്ക് രക്തം എത്തിക്കുന്നതിനായി പ്രവർത്തിക്കുന്നുണ്ട്. .**

➔ **രക്ത ബാങ്കിലേക്ക് രക്തം എത്തിക്കുന്നത് നിരവധി വ്യക്തികളുടെയും സംഘടനകളുടെയും ഫലമായിട്ടാണ്**

➔ **നമ്മളെല്ലാവരും ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചുകൊണ്ട് രക്തദാന പ്രവർ നങ്ങളിൽ പങ്കാളിയാകണം.**

**രക്തദാനത്തിന്റെ മഹത്വം സൂചിപ്പിക്കുന്ന പോസ്റ്റർ തയ്യാറാക്കുക**

**രക്തദാനം ജീവദാനം**

**രക്തം നൽകൂ ജീവൻ നൽകൂ**

**രക്തദാനം മഹാദാനം, നമുക്ക് ഒരു വിലപ്പെട്ട ജീവൻ രക്ഷിക്കാം.**

സസ്യങ്ങളിലെ രോഗപ്രതിരോധമാർഗങ്ങൾ

- ജന്തുക്കളിലെന്ന പോലെ രോഗാണുക്കൾ ഉള്ളിലേക്ക് കടക്കുന്നത് തടയാനും ഉള്ളിലെത്തുന്നവയെ നേരിടാനുമുള്ള സംവിധാനങ്ങൾ സസ്യങ്ങളിലുമുണ്ട്.
- ഘടനാപരവും ജൈവരാസപരവുമായ മാർഗങ്ങൾ വഴിയാണ് സസ്യങ്ങൾ പ്രതിരോധം സാധ്യമാക്കുന്നത്.




ചിത്രീകരണം 5.9
സസ്യങ്ങളിലെ പ്രതിരോധമാർഗങ്ങൾ

മെഴുക്ക് ആവരണം , ക്യൂട്ടിക്കിൾ : ഇലകളിലൂടെ രോഗാണ പ്രവേശനത്തെ തടയുന്ന

പുറംതൊലി :ഉള്ളിലുള്ള കോശങ്ങളെ നേരിട്ടുള്ള രോഗാണ സമ്പർക്കത്തിൽ നിന്നും സംരക്ഷിക്കുന്ന.

കോശഭിത്തി : സുസജ്ജമായ പ്രതിരോധ കവചം. ലിഗ്നിൻ, ക്യൂട്ടിൻ, സ്യൂബെറിൽ എന്ന രാസഘടകങ്ങൾ കോശഭിത്തിക്ക് ധൃഢത നൽകുന്ന.

കലോസ്: കോശഭിത്തി മരികടന്നെത്തുന്ന രോഗാണക്കൾ കോശസ്തരത്തിലൂടെ പ്രവേശിക്കുന്നത് തടയുന്ന.


മെഴുക് ആവരണം , ക്യൂട്ടിക്കിൾ
ഇലകളിലൂടെ രോഗാണു പ്രവേശനത്തെ തടയുന്നു.
സസ്യങ്ങളിലെ പ്രതിരോധ സംവിധാനം
പുറംതൊലി
ഉള്ളിലുള്ള കോശങ്ങളെ നേരിട്ടുള്ള രോഗാണു സമ്പർക്കത്തിൽ നിന്നും സംരക്ഷിക്കുന്നു
കാലോസ്
കോശഭിത്തി മറികടന്നെത്തുന്ന രോഗാണുക്കൾ കോശസ്തര്ത്തിലൂടെ പ്രവേശിക്കുന്നത് തടയുന്നു.
കോശഭിത്തി
സുസജ്ജമായ പ്രതിരോധ കവചം